**തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) ന്റെ നടപടിക്രമം**

(ഹാജർ : Dr. Dinesan Cheruvat IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് - ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ LSGD/PD/17084/2025-DEC5(1) തീയതി: 31-07-2025

പരാമർശം: 1) ഈ കാര്യാലയത്തിലെ 31.07.2025 ലെ ഇതേ നമ്പർ നടപടിക്രമം.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉൾപ്പെട്ട മുൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന അർഹരായ ജീവനക്കാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി പരാമർശം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന് ശേഷം വകുപ്പ് വിട്ടുപോകൽ എന്ന കാരണങ്ങളാൽ മുൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ കേഡർ സ്ട്രെങ്ത്തിൽ ഒഴിവ് ഉണ്ടായിട്ടുള്ളതാണ്. ടി ഒഴിവുകളിലേക്ക് മുൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച് സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയിട്ടുള്ളതുമായ ജീവനക്കാരുടെ പട്ടിക ജില്ലാ ജോയിന്റ് ഡയറക്ടർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ക്ലാർക്കുമാർക്ക് 35600-75400 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി അവരുടെ പേരിന് നേരെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ / ഓഫീസുകളിൽ ചുവടെ പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | സീനിയോരിറ്റി നമ്പരും വർഷവും | പേര്, നിലവിലെ ഓഫീസ് | പെൻ നം | നിയമനം നല്കുന്ന ഓഫീസ് |
|---|---|---|---|---|
| 1 | 837 | സുധീർമോൻ, കടപ്ര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | G50752 | പത്തനംതിട്ട നഗരസഭ പത്തനംതിട്ട |

- മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ / ഓഫീസുകളിലെ നിയമനം താത്കാലികമായിരിക്കും. **തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള വോട്ടർ പട്ടിക പ്രസിദ്ധീകരിക്കലുമായി ബന്ധപ്പെട്ട് ബഹു. കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള നിയന്ത്രണങ്ങൾ നീക്കുന്ന മുറയ്ക്കും** 2025 ലെ പൊതുസ്ഥലംമാറ്റ അന്തിമ ക്യൂ ലിസ്റ്റിന്റെ അടിസ്ഥാനത്തിലും അന്തിമസ്ഥലംമാറ്റത്തിൻമേൽ ജീവനക്കാർ സർക്കാരിൽ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷയുടെ തീർപ്പ് അനുസരിച്ചും അനുകമ്പാർഹത, ഭരണസൌകര്യം, എന്നിവയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉചിതമായ നിയമനം നല്കുന്നതിനായും ടി നിയമനം പുന:പരിശോധിക്കുന്നതായിരിക്കും. പുന:പരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് ടിയാളുകളെ സ്ഥലംമാറ്റേണ്ടുന്നതായി കാണുന്ന

പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടിയാളുകൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ അതേ സ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

- ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ജീവനക്കാരുടെ വിടുതൽ / സേവനത്തിൽ പ്രവേശിപ്പിക്കൽ എന്നിവ ജനറൽ ട്രാൻസ്ഫർ സൈറ്റ് മുഖേന മാത്രം നടപ്പിലാക്കേണ്ടതാണ്.

- എൽ.ഡി.ക്ലാർക്ക് (വിവിധം) തസ്തികയിലെ റാങ്ക് ലിസ്റ്റ് കാലാവധി തീരുന്നത് പരിഗണിച്ച് അടിയന്തരമായി പുറപ്പെടുവിക്കേണ്ടതിനാലും സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ബഹു. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണങ്ങൾ ഉള്ളതിനാലും ഈ ഉത്തരവിൽ ക്യൂ ഉൾപ്പെടയുള്ളവ പരിഗണിച്ചിട്ടില്ലാത്തതാണ്. ടി നിയന്ത്രണങ്ങൾ നീക്കുന്ന മുറയ്ക്ക് സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ക്യൂ ഉൾപ്പെടയുള്ളവ പരിഗണിച്ച് പുന:ക്രമീകരണം നടത്തുന്നതാണ്.

- ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ടി ജീവനക്കാരുടെ വിടുതൽ / സേവനത്തിൽ പ്രവേശിക്കൽ എന്നിവ ജനറൽ ട്രാൻസ്ഫർ വെബ്-സൈറ്റ് മുഖേന മാത്രം നടപ്പിലാക്കേണ്ടതാണ്.

- സീനിയർ ക്ലാർക്ക് തസ്തികയിൽ നിലനില്ക്കുന്ന ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ നിലവിലെ സ്റ്റേഷനിൽ നിന്നും അടിയന്തരമായി വിടുതൽ ചെയ്ത് ടി വിവരം ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടറേയും പുതിയ സ്റ്റേഷൻ മേധാവിയേയും അറിയിക്കേണ്ടത് സ്ഥാപനമേധാവികളുടെ ഉത്തരവാദിത്തമാണ്.

- മേൽ ജീവനക്കാരുടെ വിടുതൽ / സേവനത്തിൽ പ്രവേശിക്കൽ എന്നിവ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഈ കാര്യാലയത്തിലേക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യേണ്ടതില്ലാത്തതാണ്. സ്ഥാപനമേധാവികൾ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലേക്ക് മാത്രം ടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

- മേൽ ജീവനക്കാരുടെ വിടുതൽ / സേവനത്തിൽ പ്രവേശിക്കൽ എന്നിവ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർ നിരീക്ഷിക്കേണ്ടതും ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ടി വിഷയം സംബന്ധിച്ച് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് മാത്രം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

- ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ബഹു. സർക്കാർ നിർദ്ദേശം നിലനില്ക്കുന്നതിനാൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ വിടുതൽ ചെയ്യിക്കുന്നതിനും വിടുതൽ ചെയ്തിട്ടുള്ള വിവരം അതാത് ദിവസം ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ റിപ്പോർട്ട് ചെയ്യുന്നതിനും കർശന നിർദ്ദേശം നല്കുന്നു.

Signed by
Dinesan Cheruvat
Date: 31-07-2025 18:25:10

Dr. Dinesan Cheruvat IAS
DIRECTOR (RURAL)

പകർപ്പ്:

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും)
3. ബന്ധപ്പെട്ട ജീവനക്കാരന് (നിലവിലെ സ്ഥാപന മേധാവി മുഖേന)
4. സൂപ്രണ്ട്, ജി.ഇ.എ. സെക്ഷൻ
5 കരുതൽ ഫയൽ / ഓഫീസ് കോപ്പി